# 052/2019 - M

| | | | |
|---|---|---|---|
| **ചോദ്യ പുസ്തക അക്ഷര കോഡ്** | **A** | **ചോദ്യ പുസ്തക ക്രമ നമ്പർ** | |

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 75 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡു കളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല, അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടു പിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും (A), (B), (C), (D) എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തിരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

# 052/2019 - M

1. $\frac{1}{8} + \frac{1}{16} + \frac{1}{32} =$ എത്ര ?

   (A) $\frac{7}{16}$ (B) $\frac{3}{16}$ (C) $\frac{7}{32}$ (D) $\frac{3}{32}$

2. $15 + (15 \div 5) - (15 \div 15) \times 15 =$ എത്ര ?

   (A) 23 (B) 13 (C) 17 (D) 7

3. 25,000 രൂപയുടെ ഒരു ലാപ്ടോപ്പിന്റെ വില ആദ്യം 10% കുറച്ചശേഷം 20% കൂട്ടുന്നുവെങ്കിൽ ലാപ്ടോപ്പിന്റെ ഇപ്പോഴത്തെ വില എത്ര രൂപ ?

   (A) 27,000 (B) 29,500 (C) 30,000 (D) 27,500

4. ഒരു സൈക്കിൾ വാങ്ങിയ വിലയേക്കാൾ 220 രൂപ കുറച്ച് വിറ്റപ്പോൾ 8% നഷ്ടം വന്നു. എങ്കിൽ സൈക്കിളിന്റെ വാങ്ങിയ വില എത്ര രൂപയാണ് ?

   (A) 1,760 (B) 2,760 (C) 2,700 (D) 2,750

5. ഒരാൾ 10,000 രൂപ 8% കൂട്ടുപലിശ നിരക്കിൽ 2 വർഷത്തേക്ക് കടമെടുക്കുന്നുവെങ്കിൽ, രണ്ടു വർഷം കഴിഞ്ഞ് അയാൾ എത്ര തുക പലിശയായി നൽകണം ?

   (A) 1,600 (B) 1,664 (C) 1,660 (D) 1,166

6. രണ്ട് ഗോളങ്ങളുടെ വ്യാപ്തങ്ങൾ തമ്മിലുള്ള അംശബന്ധം 27 : 64 ആയാൽ അവയുടെ ആരങ്ങൾ തമ്മിലുള്ള അംശബന്ധം എത്ര ?

   (A) 9 : 8 (B) 27 : 64 (C) 3 : 4 (D) 3 : 8

7. ഒരു കാറിന്റെ ശരാശരി വേഗത മണിക്കൂറിൽ 54 കി.മീ./മണിക്കൂർ ആയാൽ ആ കാർ 2 മണിക്കൂർ 10 മിനുട്ട് കൊണ്ട് സഞ്ചരിച്ച ദൂരം എത്ര കി.മീ. ?

   (A) 117 (B) 113.4 (C) 126 (D) 108

8. 50 പണിക്കാർ ചേർന്ന് 12 ദിവസം കൊണ്ട് പൂർത്തിയാക്കുന്ന ഒരു ജോലി 60 പേർ ചേർന്ന് പൂർത്തിയാക്കാൻ എത്ര ദിവസം വേണ്ടിവരും ?

   (A) 8 (B) 9 (C) 10 (D) 11

9. ആദ്യത്തെ 39 എണ്ണൽസംഖ്യകളുടെ ശരാശരി എത്ര ?

   (A) 19 (B) 18 (C) 21 (D) 20

10. $(-1)^5 - (1)^5 =$ എത്ര ?
(A) 0 (B) $-1$ (C) $-2$ (D) 2

11. പാദവക്കിന്റെ നീളം 10 സെ.മീ., ഉയരം 12 സെ.മീ. ആയ ഒരു സമചതുരസ്തൂപികയുടെ വ്യാപ്തം എത്ര ഘന സെ.മീ. ആണ് ?
(A) 1200 (B) 800 (C) 1440 (D) 400

12. 1 മുതൽ 100 വരെയുള്ള തുടർച്ചയായ ഒറ്റ സംഖ്യകളുടെ തുക എത്ര ?
(A) 2500 (B) 2550 (C) 5050 (D) 5000

13. ചുവടെയുള്ള ശ്രേണിയിൽ തുടർന്ന് വരുന്ന സംഖ്യ ഏത് ?
2, 5, 12, 27, 58, ___ , ......
(A) 117 (B) 121 (C) 128 (D) 123

14. അഖിൽ നിൽക്കുന്ന ഭാഗത്തുനിന്നും 8 മീറ്റർ പടിഞ്ഞാറോട്ട് നടന്നശേഷം 5 മീറ്റർ തെക്കുഭാഗത്തേക്ക് നടന്നു. അതിനു ശേഷം 20 മീറ്റർ ദൂരം കിഴക്കോട്ട് നടന്നു. ഇപ്പോൾ നിൽക്കുന്ന സ്ഥലത്തു നിന്നും നടക്കാൻ തുടങ്ങിയ സ്ഥലത്തേക്ക് എത്താനുള്ള ഏറ്റവും കുറഞ്ഞ ദൂരം എത്ര മീറ്റർ ആണ് ?
(A) 5 (B) 13 (C) 12 (D) 8

15. ഒറ്റയാൻ ഏത് ? 2, 5, 17, 27
(A) 2 (B) 5 (C) 17 (D) 27

16. ഒരാളോട് ഒരു രണ്ടക്കസംഖ്യ പറയാൻ ആവശ്യപ്പെടുന്നു. അയാൾ പറയുന്ന സംഖ്യ ഒരു പൂർണവർഗമാകാനുള്ള സാധ്യത എത്രയാണ് ?
(A) $\frac{6}{91}$ (B) $\frac{8}{90}$ (C) $\frac{6}{99}$ (D) $\frac{6}{90}$

17. ഒരു കോഡ്ഭാഷയിൽ TWENTY എന്നത് 863985 എന്നും ELEVEN എന്നത് 323039 എന്നും എഴുതിയിരിക്കുന്നു എങ്കിൽ TWELVE എന്നത് എങ്ങനെ എഴുതാം ?
(A) 863503 (B) 863903 (C) 863203 (D) 863023

18. ഗണേഷിന്റെ അച്ഛൻ രാധികയുടെ സഹോദരനാണ് എങ്കിൽ രാധിക ഗണേഷിന്റെ ആരായിരിക്കും ?
(A) അമ്മായി (B) മരുമകൾ (C) മകൾ (D) സഹോദരി

19. സമയം 03.30 ന് ക്ലോക്കിലെ സൂചികൾക്കിടയിലെ കോൺ എത്ര ഡിഗ്രി ആയിരിക്കും ?
(A) 90° (B) 75° (C) 45° (D) 15°

20. മുപ്പത് മിഠായി കുറെ കുട്ടികൾക്ക് വീതിച്ചു കൊടുത്തു. കൂട്ടത്തിലെ ഒരു മിടുക്കൻ പറഞ്ഞു. ''നമ്മളിൽ ഒരാൾ കുറവായിരുന്നെങ്കിൽ എല്ലാവർക്കും ഒരു മിഠായി കൂടി കൂടുതൽ കിട്ടുമായിരുന്നു.''
നിലവിൽ കൂട്ടത്തിൽ എത്രകുട്ടികളാണ് ഉള്ളത് ?
(A) 4 (B) 5 (C) 6 (D) 8

21. ഒരു പ്രദേശത്ത് ഹ്രസ്വകാലയളവിൽ അനുഭവപ്പെടുന്ന അന്തരീക്ഷത്തിന്റെ അവസ്ഥയ്ക്ക് പറയുന്ന പേര് ?
(A) ദിനാന്തരീക്ഷസ്ഥിതി (B) താപം
(C) അന്തരീക്ഷ മർദ്ദം (D) ആർദ്രത

22. പ്രാചീന ഇന്ത്യയിൽ നിലനിന്നിരുന്ന മഹാജനപദങ്ങളിൽ ഏറ്റവും ശക്തമായത് ഏത് ?
(A) പാഞ്ചാലം (B) കോസലം (C) മഗധ (D) ഗാന്ധാരം

23. കോമൺ വെൽത്ത് ഗെയിംസിൽ ബോക്സിങ്ങിൽ സ്വർണ്ണം നേടുന്ന ആദ്യ ഇന്ത്യൻ താരം ?
(A) പിങ്കിറാണി (B) മേരികോം
(C) വികാസ് കൃഷ്ണ യാദവ് (D) അഖിൽ കുമാർ

24. അന്തരീക്ഷ മർദ്ദം അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം ഏത് ?
(A) അനിമോ മീറ്റർ (B) വിന്റ്വെയിൽ (C) തെർമോ മീറ്റർ (D) രസ ബാരോമീറ്റർ

25. ബനാറസ് സംസ്കൃത കോളേജ് സ്ഥാപിച്ചത് ആര് ?
(A) മെക്കാളെ പ്രഭു (B) വില്യം ജോൺസ്
(C) ജൊനാഥൻ ഡങ്കൻ (D) വാറൻ ഹേസ്റ്റിങ്ങ്സ്

26. 'പോവർട്ടി ആന്റ് അൺ ബ്രിട്ടീഷ് റൂൾ ഓഫ് ഇന്ത്യ' എന്ന പസ്തകത്തിന്റെ രചയിതാവ് ?
(A) ഗോപാലകൃഷ്ണ ഗോഖലെ (B) ബങ്കിം ചന്ദ്ര ചാറ്റർജി
(C) സുഭാഷ് ചന്ദ്ര ബോസ് (D) ദാദാ ഭായ് നവറോജി

27. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ആദ്യത്തെ ദേശീയ പ്രക്ഷോഭം ഏത് ?
(A) ക്വിറ്റ് ഇന്ത്യ സമരം (B) നിസ്സഹകരണ സമരം
(C) ഖിലാഫത്ത് പ്രസ്ഥാനം (D) സിവിൽ നിയമ ലംഘനം

28. 'രാഷ്ട്രത്തിന്റെ ലക്ഷ്യം ഏറ്റവും കൂടുതൽ പേർക്ക് ഏറ്റവും കൂടുതൽ നന്മ ചെയ്യലാണ്' എന്നത് ആരുടെ വാക്കുകളാണ് ?
(A) ജെർമി ബന്താം (B) അരിസ്റ്റോട്ടിൽ
(C) പ്ലേറ്റോ (D) സോക്രട്ടീസ്

29. ഫിസിക്കൽ റിസർച്ച് ലബോറട്ടറി ഏത് മേഖലയിലെ ഏജൻസിയാണ് ?
(A) ഭൗതിക ശാസ്ത്രം (B) രസതന്ത്രം
(C) ആണവ ശാസ്ത്രം (D) ഉപഗ്രഹം വികസിപ്പിക്കുന്ന മേഖല

30. ആകാശത്തിൽ ഉയർന്നു നിൽക്കുന്ന ചാരനിറത്തിലുള്ള കൂനകൾ പോലുള്ള മേഘങ്ങൾ ഏത് പേരിലറിയപ്പെടുന്നു ?
(A) ക്യുമുലസ് മേഘങ്ങൾ (B) നിംബസ് മേഘങ്ങൾ
(C) സിറസ് മേഘങ്ങൾ (D) സ്ട്രാറ്റസ് മേഘങ്ങൾ

31. കുതിരകളെ ഉപയോഗിച്ചുള്ള തപാൽ സമ്പ്രദായമായ കൊറിയർ നടപ്പിലാക്കിയ ഭരണാധികാരി ആര് ?
(A) സുലൈമാൻ (B) ചെങ്കിസ്ഖാൻ
(C) ഹാറൂൺ-അൽ-റഷീദ് (D) ഷാലമീൻ

32. മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം സഞ്ജയ് മഞ്ജരേക്കറുടെ ആത്മകഥ ഏത് ?
(A) സണ്ണി ഡെയ്സ് (B) പ്ലേയിംങ്ങ് ടു വിൻ
(C) ഇംപെർഫെക്ട് (D) ദ ടെസ്റ്റ് ഓഫ് മൈ ലൈഫ്

33. റേഡിയോ പരിപാടികളുടെ ദീർഘദൂര പ്രക്ഷേപണം സാധ്യമാകുന്ന അന്തരീക്ഷ ഭാഗം ഏത് ?
(A) അയണോസ്ഫിയർ (B) സ്ട്രാറ്റോസ്ഫിയർ
(C) മിസോസ്ഫിയർ (D) ഹോമോസ്ഫിയർ

34. ഹിമാലയത്തിന്റെ നട്ടെല്ല് എന്ന് വിശേഷിപ്പിക്കുന്ന ഏറ്റവും ഉയരമേറിയ പർവ്വതനിര ഏത് ?
(A) ഹിമാചൽ (B) കിഴക്കൻ മലനിരകൾ
(C) ഹിമാദ്രി (D) ട്രാൻസ് ഹിമാലയൻ നിരകൾ

35. ഒരു സമ്പദ്വ്യവസ്ഥയുടെ പ്രവർത്തനത്തിലുള്ള സർക്കാർ നിയന്ത്രണങ്ങളും ഇടപെടലുകളും പരിമിതപ്പെടുത്തലാണ് :
(A) സ്വകാര്യവൽക്കരണം (B) ആഗോളവൽക്കരണം
(C) കമ്പോളവൽക്കരണം (D) ഉദാരവൽക്കരണം

36. 'യൂണിവേഴ്സൽ ഫൈബർ' എന്നറിയപ്പെടുന്ന വിളവിനം ഏത് ?
(A) ചോളം (B) പരുത്തി (C) കരിമ്പ് (D) ചണം

37. ഇടിമിന്നലോടുകൂടി സാധാരണയായി ഉച്ചയ്ക്കുശേഷം പെയ്യുന്ന മഴയുടെ പേര് ?
(A) ശൈലവൃഷ്ടി (B) ആലിപ്പഴമഴ
(C) ഉച്ചലിതവൃഷ്ടി (D) സംവഹന വൃഷ്ടി

38. പത്തൊൻപതാം നൂറ്റാണ്ടിൽ മിശ്രഭോജനം, മിശ്രവിവാഹം, വിധവാപുനർ വിവാഹം എന്നീ പുരോഗതിക്കായി നിലകൊണ്ട പരിഷ്കരണ പ്രസ്ഥാനം ഏത് ?
(A) സത്യശോധക് സമാജം (B) പ്രാർത്ഥനാ സമാജം
(C) സ്വാഭിമാന പ്രസ്ഥാനം (D) അലിഗഢ് പ്രസ്ഥാനം

39. യൂറോപ്യൻ വൻകരയിലെ ഏത് കാലാവസ്ഥയിലാണ് പൈൻ, ഫിർ തുടങ്ങിയ വൃക്ഷങ്ങൾ വളരുന്നത് ?
(A) ടൈഗ (B) തുന്ദ്ര
(C) മെഡിറ്ററേനിയൻ (D) വൻകര കാലാവസ്ഥ

40. ദീൻ ദയാൽ തുറമുഖം എന്നറിയപ്പെടുന്ന തുറമുഖം ഏതാണ് ?
(A) മുംബൈ (B) പാരദ്വീപ് (C) ചെന്നൈ (D) കണ്ട്ല

41. ഇന്ത്യയുടെ ഇപ്പോഴത്തെ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ആരാണ് ?
(A) ദീപക് മിശ്ര (B) രഞ്ചൻ ഗോഗോയ്
(C) എസ്. താക്കൂർ (D) എച്ച്. എൽ. ദത്ത്

42. ഇന്ത്യയിലെ നിലവിലുള്ള സോളിസിറ്റർ ജനറൽ ആരാണ് ?
(A) തുഷാർ മേത്ത (B) രഞ്ചിത് കുമാർ
(C) മോഹൻ പരശരൺ (D) ഗോപാൽസുബ്രഹ്മണ്യം

43. സർവകലാശാല വിദ്യാഭ്യാസത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വിദ്യാഭ്യാസ പദ്ധതി ഏത് ?
(A) ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ
(B) ഡോ. ഡി. എസ്. കോത്താരി കമ്മീഷൻ
(C) ദേശീയ വിദ്യാഭ്യാസ നയം
(D) ഡോ. രാധാകൃഷ്ണൻ കമ്മീഷൻ

44. കുണ്ടറ വിളംബരം നടത്തിയ ഭരണാധികാരി ആര് ?
(A) പഴശ്ശിരാജ (B) പാലിയത്തച്ചൻ
(C) വേലുത്തമ്പി ദളവ (D) മാർത്താണ്ഡ വർമ്മ

45. 'വരിക, വരിക സഹജരേ' . . . . . . എന്നത് ആരുടെ വരികളാണ് ?
(A) അംശി നാരായണ പിള്ള (B) വള്ളത്തോൾ നാരായണ മേനോൻ
(C) ചങ്ങമ്പുഴ (D) എടശ്ശേരി ഗോവിന്ദൻ നായർ

46. റോറിംങ്ങ് ഫോർട്ടീസ് എന്നറിയപ്പെടുന്ന കാറ്റുകൾ ഏതാണ് ?
(A) മൺസൂൺ കാറ്റുകൾ (B) പശ്ചിമ വാതങ്ങൾ
(C) വാണിജ്യ വാതങ്ങൾ (D) കാലിക വാതങ്ങൾ

47. ബ്രഹ്മപുത്രാ നദി ടിബറ്റിൽ ഏത് പേരിലറിയപ്പെടുന്നു ?
(A) മാനസ് (B) തിസ്ത (C) സാങ്പോ (D) സുബാൻസിരി

48. അമേരിക്കൻ കമ്പനിയായ 'വാൾമാർട്ട്' ഇന്ത്യയിലെ ഏത് കമ്പനിയെയാണ് ഏറ്റെടുത്തത് ?
(A) ആമസോൺ (B) ഹോംഷോപ്പ് (C) സ്നാപ് ഡീൽ (D) ഫ്ലിപ്കാർട്ട്

49. മേഘരൂപീകരണം, മഴ, മഞ്ഞ്, കാറ്റ്, ഇടിമിന്നൽ തുടങ്ങിയ പ്രതിഭാസങ്ങൾ കാണപ്പെടുന്ന അന്തരീക്ഷ മേഖല ഏത് ?
(A) സ്ട്രാറ്റോസ്ഫിയർ (B) ട്രോപ്പോസ്ഫിയർ
(C) മിസോസ്ഫിയർ (D) തെർമോസ്ഫിയർ

50. മലയാള ഭാഷയിൽ അച്ചടിച്ച ആദ്യത്തെ സമ്പൂർണ്ണ ഗ്രന്ഥം ഏത് ?
(A) ശാകുന്തളം (B) രാമായണം
(C) സംക്ഷേപ വേദാർത്ഥം (D) മഹാഭാരതം

51. ഇന്ത്യയിലെ ഉപദ്വീപിയൻ നദികളിൽ ഏറ്റവും വലുത് ഏതാണ് ?
(A) ഗോദാവരി (B) മഹാനദി (C) നർമ്മദ (D) കൃഷ്ണ

52. ഇന്ത്യക്കകത്തും, പുറത്തും കലകളുടെ പ്രചാരണത്തിനായി രൂപം കൊണ്ട സ്ഥാപനം ഏത് ?
(A) സംഗീത നാടക അക്കാദമി (B) സാഹിത്യ അക്കാദമി
(C) നാഷണൽ സ്കൂൾ ഓഫ് ഡ്രാമ (D) ലളിതകലാ അക്കാദമി

53. മതേതര വിദ്യാഭ്യാസം ദേശീയ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തും എന്ന കാഴ്ചപ്പാടോടെ അലിഗഡിൽ രൂപം കൊണ്ട വിദ്യാഭ്യാസ കേന്ദ്രം ഏത് ?
(A) ജാമിഅ മില്ലിയ ഇസ്ലാമിയ
(B) വിശ്വഭാരതി സർവകലാശാല
(C) ഡക്കാൺ എഡ്യുക്കേഷൻ സൊസൈറ്റി
(D) വനിതാ സർവകലാശാല

54. സിയാൽ എന്നറിയപ്പെടുന്ന വിമാന താവളം ഏതാണ് ?
   (A) ചെന്നൈ അന്താരാഷ്ട്ര വിമാന താവളം
   (B) ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാന താവളം
   (C) കൊച്ചി അന്താരാഷ്ട്ര വിമാന താവളം
   (D) രാജീവ് ഗാന്ധി അന്താരാഷ്ട്ര വിമാന താവളം

55. സേവാസദൻ ആരുടെ കൃതിയാണ് ?
   (A) രവീന്ദ്ര നാഥ ടാഗോർ (B) പ്രേംചന്ദ്
   (C) സുബ്രഹ്മണ്യ ഭാരതി (D) വിഷ്ണു കൃഷ്ണ ചിപ്ളുങ്കർ

56. ലോക വ്യാപാര സംഘടനയുടെ ആസ്ഥാനം ഏതാണ് ?
   (A) വാഷിംഗ്ടൺ (B) മുംബൈ
   (C) ബെർലിൻ (D) ജനീവ

57. ഇന്ത്യൻ അസ്വസ്ഥതയുടെ പിതാവ് എന്ന് അറിയപ്പെടുന്നതാര് ?
   (A) ലാലാ ലജ്പത്റായ് (B) ബാലഗംഗാധര തിലക്
   (C) സർദാർ വല്ലഭായി പട്ടേൽ (D) ബിപിൻ ചന്ദ്രപാൽ

58. കാർഷിക ഉല്പാദനത്തിൽ വരുത്തിയ ഗണ്യമായ പുരോഗതിയുടെ പേര് ?
   (A) ധവള വിപ്ലവം (B) കാർഷിക വിപ്ലവം
   (C) വ്യാവസായിക വിപ്ലവം (D) ഹരിത വിപ്ലവം

59. ലക്ഷദ്വീപ് സമൂഹത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ദ്വീപ് ഏത് ?
   (A) കവറത്തി (B) കൽപ്പേനി
   (C) ആന്ത്രോത്ത് (D) മിനിക്കോയ്

60. ഇന്ത്യൻ റിസർവ് ബാങ്കിന്റെ ഇപ്പോഴത്തെ ഗവർണറുടെ പേര് ?
   (A) ശക്തികാന്ത് ദാസ് (B) ഊർജിത് പട്ടേൽ
   (C) രഘുറാം രാജൻ (D) ഡി. സുബ്ബറാവു

61. 'സംബാദ് കൗമുദി' എന്ന പത്രം പ്രസിദ്ധീകരിച്ചത് ആര് ?
   (A) മഹാത്മാ ഗാന്ധി (B) രാജാ റാം മോഹൻ റായ്
   (C) ലാലാ ലജ്പത് റായ് (D) ആനി ബസന്റ്

62. എടക്കൽ ഗുഹ സ്ഥിതിചെയ്യുന്ന ജില്ല ഏത് ?
   (A) ഇടുക്കി (B) പാലക്കാട് (C) വയനാട് (D) മലപ്പുറം

63. ലോകത്തിലെ ഏറ്റവും വലിയ വൻകര ഏത് ?

(A) ഏഷ്യ (B) ആഫ്രിക്ക (C) അന്റാർട്ടിക്ക (D) യൂറോപ്പ്

64. തന്നിട്ടുള്ള ഉപഗ്രഹങ്ങളിൽ സൗരസ്ഥിത ഉപഗ്രഹം ഏത് ?

(A) ജി-സാറ്റ് (B) ഇൻസാറ്റ് (C) കെരോസാറ്റ് (D) ലാൻഡ്സാറ്റ്

65. സാമൂഹ്യശാസ്ത്രത്തിന്റെ പിതാവ് എന്ന് അറിയപ്പെടുന്നത് ആര് ?

(A) ചാൾസ് ഡാർവിൻ (B) റോബിൻ ജെഫ്രി

(C) അഗസ്റ്റ് കോംതെ (D) ഡി.പി. മുഖർജി

66. ദേശീയ തലത്തിൽ അഴിമതി തടയുന്നതിനായി രൂപം കൊണ്ട സ്ഥാപനം ഏതാണ് ?

(A) ലോക്പാൽ (B) വിവരാവകാശ കമ്മീഷൻ

(C) ലോകായുക്ത (D) ഇ-ഗവേണൻസ്

67. 'രാഷ്ട്രം ചരിത്രസൃഷ്ടി' എന്ന് പ്രതിപാദിക്കുന്ന സിദ്ധാന്തം ഏത് ?

(A) ദൈവദത്ത സിദ്ധാന്തം (B) പരിണാമ സിദ്ധാന്തം

(C) ശക്തി സിദ്ധാന്തം (D) സാമൂഹിക ഉടമ്പടി സിദ്ധാന്തം

68. ദേശീയ സമരകാലത്ത് ഇന്ത്യൻ പത്രങ്ങളുടെ വിമോചകനായി കണക്കാക്കിയിരുന്ന വ്യക്തി ആരാണ് ?

(A) മഹാത്മാ ഗാന്ധി (B) ദാദാഭായ് നവറോജി

(C) ഗോപാലകൃഷ്ണ ഗോഖലെ (D) ചാൾസ് മെറ്റ്കാഫ്

69. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അധ്യക്ഷ പദവിയിലിരുന്ന മലയാളി ആര് ?

(A) ചേറ്റൂർ ശങ്കരൻ നായർ (B) കെ.ബി. മേനോൻ

(C) കുഞ്ഞിരാമ കിടാവ് (D) കെ. കേളപ്പൻ

70. സാമൂഹിക പരിഷ്കർത്താവ് എന്ന നിലയിൽ കുമാരഗുരുദേവൻ നേതൃത്വം നൽകിയ പ്രസ്ഥാനം ഏത് ?

(A) അരയ സമാജം (B) സമത്വ സമാജം

(C) പ്രത്യക്ഷരക്ഷാദൈവസഭ (D) ശ്രീനാരായണ ധർമപരിപാലന യോഗം

71. Pick out the synonym of the word 'depositary' :
(A) inheritor (B) ward (C) patron (D) trustee

72. The fifth chapter comprises __________ three sections.
(A) of (B) with (C) no preposition (D) on

73. Antonym of 'abortive' is :
(A) successful (B) reproductive (C) instantaneous (D) fruitful

74. The one word for a person who doubts in religious practices :
(A) stoic (B) sceptic (C) theist (D) pantheist

75. The idiom 'bury the hatchet' means __________.
(A) keep enmity (B) open enmity (C) stop enmity (D) have no enmity

76. Victor seldom visits his uncle, __________ Add proper tag question.
(A) doesn't he ? (B) isn't he ? (C) is he ? (D) does he ?

77. 'Khalil Gibran is one of the greatest poets of the world.' Pick out the comparative degree of the sentence.
(A) Khalil Gibran is greater than many other poets of the world.
(B) Khalil Gibran is greater than any other poet of the world.
(C) Khalil Gibran is greater than any other poets of the world.
(D) Khalil Gibran is the greatest poet of the world.

78. The passive form of 'I keep my books here.' is :
(A) My books keep here (B) My books are keeping here
(C) I am kept the books here (D) My books are kept here

79. Pick out the correctly spelt word.
(A) Constellation (B) Consistancy
(C) Conspirecy (D) Conservatary

80. We need two more players to __________ the team. Supply suitable phrasal verb.
(A) make out (B) make up (C) make for (D) make of

81. Spot the error part in the sentence :

The principal was (a) / pleased that the students (b) / do not violate (c) / the rules of the college (d)

(A) (d) (B) (a) (C) (c) (D) (b)

82. What will you do __________ now and five O'clock ?

(A) from (B) by (C) the (D) between

83. Many a mickle __________ a muckle. Supply correct tense form.

(A) makes (B) making (C) make (D) made

84. The idiom 'lingua franca' means :

(A) common language (B) foreign language
(C) official language (D) ancient language

85. The indirect form of the sentence "I came here yesterday to get the work started" said Navin is :

(A) Navin said that he came there the day before to get the work started.
(B) Navin said that he had come there the day before to get the work started.
(C) Navin said that he came there the day before to get the work had started.
(D) Navin said that he has come there the day before to get the work started.

86. 'I drink tea' the sentence is a/an __________.

(A) affirmative (B) interrogative (C) imparative (D) exclamatory

87. Pick out the compound word :

(A) unhappy (B) revision (C) birthday (D) strengthen

88. If he had won the race, he __________ the champion.

(A) would (B) would have (C) will be (D) would have been

89. 'I went there yesterday'. The sentence is the answer to the question __________

(A) Have you gone there ? (B) Had you gone there ?
(C) How often do you go there ? (D) When did you go there ?

90. __________ of ladies. Pick out the suitable collective noun.

(A) Bench (B) Bevy (C) Swarms (D) Brood

91. ശരിയായ പദമേത് ?

(A) അമാദ്യൻ (B) അമാത്യൻ (C) അമാധ്യൻ (D) അമാദ്ധ്യൻ

92. വാക്യം ശുദ്ധീകരിക്കുക.

(A) ദുരാരാദ്യരായവർ കപടരും കഠിനഹൃദയരും പെട്ടെന്ന് ക്രുധരാകുന്നവരുമാണ്.

(B) ദൂരാരാദ്ധ്യരായവർ കപടരും കഠിനഹൃദയരും പെട്ടന്ന് ക്രൂധരാകുന്നവരുമാണ്.

(C) ദുരാരാധ്യരായവർ കപടരും കഠിനഹൃദയരും പെട്ടെന്ന് ക്രുദ്ധരാകുന്നവരാണ്.

(D) ദുരാരാദ്ധ്യരായവർ കപടരും കഠിനഹൃദയരും പെട്ടെന്ന് ക്രുദ്ധരാകുന്നവരുമാണ്.

93. 'നീലോത്പലമിഴിമാർ' എന്ന പദത്തിന്റെ ശരിയായ വിവക്ഷയെന്ത് ?

(A) നീലോത്പലത്തിന്റെ മിഴിമാർ

(B) നീലോത്പലത്തിന്റെ മിഴികളുള്ളവർ

(C) നീലോത്പലത്തിനു സമമായ മിഴികളോടു കൂടിയ സ്ത്രീകൾ

(D) നീല നിറമുള്ള ഉത്പലമിഴികളുള്ള സ്ത്രീകൾ

94. 'നദി' എന്ന പദത്തിന്റെ പര്യായപദമല്ലാത്തത് ഏത് ?

(A) സരസ്സ് (B) തരംഗിണി (C) തടിനി (D) വാഹിനി

95. 'അചഞ്ചലം' എന്ന പദത്തിന്റെ ശരിയായ വിപരീതപദം തിരഞ്ഞെടുക്കുക.

(A) നിർജ്ജീവം (B) ചഞ്ചലം (C) ചപലം (D) ചഞ്ചം

96. 'മണ്ണിന്നടിയിൽ പൊന്നമ്മ' ഈ കടങ്കഥ ലക്ഷ്യമാക്കുന്നത് എന്തിനെയാണ് ?

(A) ചേന (B) ചേമ്പ് (C) മഞ്ഞൾ (D) കിഴങ്ങ്

97. പിരിച്ചെഴുതുക. 'പ്രതിദിനമനുപമമാമീയാരാധികയുടെ പ്രേമോപഹാരം'

(A) പ്രതി + ദിന + മനുപമ + മാ + മീ + യാരാധികയുടെ + പ്രേമോ + ഉപഹാരം

(B) പ്രതി + ദിനം + അനുപമം + ആം + ഈ + ആരാധികയുടെ + പ്രേമ + ഉപഹാരം

(C) പ്രതിദിനം + ആനുപമമാമീ + ആരാധികയുടെ + പ്രേമോ + പഹാരം

(D) പ്രതിദിന + മനുപമ + മാമീ + യാരാധികയുടെ + പ്രേമോപ + ഹാരം

98. 'കളേബരം' എന്ന പദത്തിനു സമാനമായ പദം എഴുതുക.

(A) ശരീരം (B) ശബ്ദം (C) വസ്ത്രം (D) മാധുര്യം

99. 'അഭിനേതാവ്' എന്ന പദത്തിന്റെ സ്ത്രീലിംഗപദം ഏത് ?

(A) വനിതാഅഭിനേതാവ് (B) സ്ത്രീഅഭിനേതാവ്

(C) നടി (D) അഭിനേത്രി

100. 'Make hay when the sun shines.' എന്ന പഴഞ്ചൊല്ലിന് ഏറ്റവും മികച്ച തർജ്ജമ തിരഞ്ഞെടുക്കുക.

(A) വെയിലത്ത് വൈക്കോൽ / കച്ചി ഉണ്ടാക്കുക

(B) വെയിലുള്ളപ്പോൾ വൈക്കോൽ / കച്ചിയുണക്കുക

(C) സൂര്യൻ തിളങ്ങുമ്പോൾ വൈക്കോൽ / കച്ചി ഉണ്ടാക്കുക

(D) സൂര്യൻ കത്തിജ്ജ്വലിക്കുമ്പോൾ വൈക്കോൽ / കച്ചി ഉണക്കുക

- o O o -

SPACE FOR ROUGH WORK

**SPACE FOR ROUGH WORK**